# ആയുധം ധരിക്കാനുള്ള അവകാശം

**മധുനായർ, വാഷിങ്ങ്ടൺ**

ഒരു യുദ്ധത്തിൽക്കൂടെയാണ് അമേരിക്കൻ ഐക്യനാടുകൾ പിറന്നതു്. ഒരു ഭാഗത്തു് സൂര്യൻ ഒരിക്കലും അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പടയാളികളും മറുഭാഗത്തു് ജോർജ്ജ് വാഷിംഗ്ടൺന്റെ നേതൃത്വത്തിലുള്ള തോക്കുകളേന്തിയ സാധാരണക്കാരുമായിരുന്നു യുദ്ധക്കളരിയിൽ. അൾജീരിയയിലും വിയററ്നാമിലും പിൽക്കാലത്തു് നടന്നതുപോലെതന്നെ രണ്ടു നൂററാണ്ടുകൾക്കു മുമ്പ് അമേരിക്കയിലും സ്വാതന്ത്ര്യതൃഷ്ണയോടെ പോർക്കളത്തിലിറങ്ങിയ ദേശീയവാദികൾ ഒരു സാമ്രാജ്യ ശക്തിയെ മുട്ടുകുത്തിച്ചു. ലോകം അതുവരെ കണ്ടിട്ടില്ലാത്ത ഒരു ഭരണ സമ്പ്രദായവും പുതുഭൂഖണ്ഡത്തിൽ നിലവിൽ വന്നു. വേറൊരിടത്തുനിന്നും കോപ്പിയടിക്കാതെ ഒരാൾമാത്രം ഇരുന്നെഴുതിയ ഹ്രസ്വമായ ഭരണഘടന നൂററാണ്ടുകൾ കഴിഞ്ഞിട്ടും വലിയ വെട്ടുതിരുത്തലില്ലാതെ ലോകത്തിലെ ഏററവും ശക്തമായ ജനാധിപത്യ രാഷ്ട്രത്തിന് മാർഗ്ഗദർശനം നൽകുന്നു. എന്നാൽ അതിലുള്ള ഒരു പരാമർശം ഇപ്പോൾ അമേരിക്കയിൽ ഏററവും വലിയ വിവാദപ്രശ്നമായിത്തീർന്നിരിക്കുന്നു.

അടിസ്ഥാനപരമായ പല അവകാശങ്ങളും ഒരു പൗരന് വാഗ്ദാനം ചെയ്യുന്നതോടൊപ്പം വേണ്ടിവന്നാൽ ആയുധങ്ങൾ ധരിക്കാനും അവന് അവകാശമുണ്ടെന്നു് അമേരിക്കൻ ഭരണഘടനയിൽ പരാമർശമുണ്ട്. 1770 കളിലുണ്ടായ സ്വാതന്ത്ര്യയുദ്ധത്തിനുശേഷവും ബ്രിട്ടൻ പല തവണ അമേരിക്കൻ ഐക്യനാടുകളെ സൈനികമായി ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. എങ്ങനെയും മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യം നിലനിർത്തണമെന്ന ആഗ്രഹത്താലാണ് ആർക്ക് വേണമെങ്കിലും തോക്കേന്തുവാൻ അധികാരമുണ്ടെന്ന അക്കാലത്ത് ഭരണഘടനയിൽ എഴുതിച്ചേർത്തത്. നൂററാണ്ടുകൾ കഴിഞ്ഞു അമേരിക്ക ഇന്ന് ലോകത്തിലെ ഒന്നാമതോ രണ്ടാമതോ ആയ സൈനികശക്തിയാണ്. ഇന്നത്തെ സാഹചര്യങ്ങളിൽ വലിയ അർത്ഥമില്ലാത്ത ഭരണഘടനയിലെ ആയുധാവകാശം ഭരണത്തലവന്റെ തന്നെ ജീവഹാനിക്ക് പലതവണ കാരണമാക്കി എന്നു പറയുന്നതാവാം ശരി. ഒരു കടയിൽപ്പോയി കളിപ്പാട്ടം വാങ്ങുംപോലെ മിക്ക സംസ്ഥാനങ്ങളിലും ആളുകൾക്ക് തുച്ഛമായ വിലയ്ക്ക് തോക്കുകൾ വാങ്ങാം. ഇതിനൊരറുതി വരുത്തണമെന്നു തന്നെയാണ് ബഹുഭൂരിപക്ഷം അമേരിക്കക്കാരുടേയും ആഗ്രഹം. അടുത്ത കാലത്തുണ്ടായ ഗ്യാലപ്പ്, ഹാരിസ് തുടങ്ങിയ പോളുകൾ തോക്കുകളെ നിയന്ത്രിക്കുവാൻ നിയമം കൊണ്ടുവരണമെന്നു എഴുപതു ശതമാനത്തിലേറെ ജനങ്ങൾ ആഗ്രഹിക്കുന്നുവെന്നു കാണിക്കുന്നു. ഇത്രയും ജനസമ്മതിയുള്ള ഒരു കാര്യം നിയമമാക്കുവാനുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

ഇന്ത്യ തുടങ്ങിയ ജനാധിപത്യ രാജ്യങ്ങളിൽ കാക്ക പിടിത്തം എന്നു പച്ച മലയാളത്തിൽ പറയുന്ന 'ലോബിയിങ്ങ്' ഏതാണ്ടൊരു നികൃഷ്ട വൃത്തിയായിട്ടാണ് പൊതുജനം കാണുന്നത്. അമേരിക്കയിലെ സ്ഥിതിയതല്ല. തലസ്ഥാന നഗരിയിലെ ഏററവും മാന്യമായതും ശമ്പളം കൂടുതൽ കിട്ടുന്നതുമായൊരു ജോലിയാണ് ലോബിയിസ്റ്റ് എന്നതു്. സ്വന്തം കമ്പനികളുടേയോ സംഘടനകളുടെയോ ഇഷ്ടാനിഷ്ടങ്ങൾക്കനുസരണം സെനററർമാരേയും കോൺഗ്രസ്സുകാരേയും ചാക്കിട്ട് പിടിക്കുകയാണിവരുടെ ജോലി. ഈ ലോബികളിൽ ഏററവും മുൻപന്തിയിലുള്ളതാണ് നാഷണൽ റൈഫിൾ അസോസിയേഷൻ അഥവാ ഗൺലോബി. മെഡിക്കൽ കോളേജുകൾ അടച്ചുപൂട്ടി ഡോക്ടർമാരുടെ എണ്ണത്തിൽ കുറവുവരുത്തി അവരുടെ ആദായം ലക്ഷക്കണക്കിനാക്കി കൊടുത്തുകൊണ്ടിരിക്കുന്ന അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ ഗൺലോബിയുടെ തൊട്ടപ്പുറകിൽ വരും അധികാരവൃത്തങ്ങളിൽ സ്വാധീനം ചെലുത്തുന്ന കാര്യത്തിൽ. പിന്നെ യഹൂദന്മാരുടെ ലോബി എണ്ണക്കമ്പനികളുടെ ലോബി, അങ്ങിനെ പോകും ക്യാപ്പിററൽ ഹില്ലിൽ കറങ്ങി നടക്കുന്ന ലോബിക്കാരുടെ പട്ടിക.

'ആയുധങ്ങൾ ആരേയും കൊല്ലുന്നില്ല, മനുഷ്യരാണ് കൊലചെയ്യുന്നതു്'. ഇതാണ് ഗൺലോബിയുടെ മുദ്രാവാക്യം. ക്യാപ്പിററൽ ഹില്ലിൽ ഇവർ പല സെനററർമാരേയും വിറപ്പിച്ചു നിറുത്തിയിരിക്കുകയാണ്. തോക്കുകൾ തടയുവാൻ ഒരു നിയമനിർമ്മാണത്തിനു ഏതെങ്കിലുമൊരു നിയമസാമാജികൻ ചിന്തിച്ചുതുടങ്ങിയിരിക്കുന്നുവെന്ന വാർത്ത കേട്ടാൽ ഗൺലോബിക്കാരുടെ കമ്പ്യൂട്ടർ ആ മെമ്പറുടെ മണ്ഡലത്തിലെ വോട്ടർമാർക്ക് ലക്ഷക്കണക്കിനെന്ന വിധത്തിൽ കമ്പികളടിക്കും. കമ്പിവാർത്ത മെമ്പറെ പഴിചാരിക്കൊണ്ടും തെററിദ്ധാരണയുളവാക്കുന്നവിധത്തിലും ആയിരിക്കും. ഭരണഘടനയിലെ മൗലികാവകാശങ്ങൾ അപകടത്തിലാണെന്നു ധരിച്ചുവശായ പൊതുജനം മെമ്പർക്ക് തിരിച്ചു കമ്പിയടിക്കും. പിറേറന്നു രാവിലെ ഓഫീസ്സിലെത്തുന്ന മെമ്പർ കമ്പിക്കൂമ്പാരം കണ്ടിട്ടു മനസ്സുമാററുന്നതിൽ അതിശയമില്ല. കൂടാതെ ഗൺ ലോബിയുടെ സാമ്പത്തിക ഭദ്രത ഏതു സെനറററേയും ആകർഷിക്കുന്നതാണ്. ഒരു തെരഞ്ഞെടുപ്പിന് കോടിക്കണക്കിന് ഡോളറാണല്ലോ ചിലവ്.

ഇത്ര വ്രതാനുഷ്ഠിതമായി തോക്കുകളെ പരിരക്ഷിക്കുന്ന ഗൺലോബിക്കാരുടെ വികാരാവേശങ്ങൾ ഭരണഘടനയിൽനിന്നും മാത്രം ഉത്ഭവിക്കുന്നുവെന്നു ധരിക്കുന്നത് സാമാന്യബുദ്ധിക്ക് നിരക്കാത്തതാണ്. തോക്കുനിർമ്മാണകമ്പനികളുടെ കൊള്ളലാഭങ്ങൾ ആയുധങ്ങൾ നിയന്ത്രിച്ചാൽ നിന്നുപോകുമല്ലോ. സാററർഡേ നൈററ് സ്പെഷ്യൽ എന്നു വിളിക്കുന്ന ചെറിയ കൈത്തോക്കിന്റെ ചില ഭാഗങ്ങൾ അമേരിക്കയിൽ നിർമ്മിച്ചുകൂടായെന്ന നിയമം ഉണ്ട്. കെന്നഡി സഹോദരന്മാരുടേയും മാർട്ടിൻലൂതർ കിംഗിന്റേയും വധങ്ങൾക്കുശേഷം ആകെയുണ്ടായ നിയമനിർമ്മാണമാണിത്. തോക്കുകൾ ഉപയോഗിക്കുന്നതിനെ മാത്രം നിശിതമായി നിരോധിച്ചിട്ടുള്ള ജർമ്മനിയിലുണ്ടാക്കി ഫ്ലോറിഡയിലെ ഒരു കമ്പനി അസംബ്ലി ചെയ്യപ്പെട്ട കൈത്തോക്കാണ് പ്രസിഡന്റ് റീഗന്റെ നെഞ്ചിൽ ഉണ്ടയിറക്കിയത്. നിയമത്തിന്റെ ലൂപ്പ്ഹോൾ എത്രവലുതാണെന്നിതിൽനിന്നും ഊഹിക്കാം.

ബഹുഭൂരിപക്ഷം ജനങ്ങളും വെറുത്തിരുന്ന വിയററ്നാം യുദ്ധം അവസാനിപ്പിക്കുവാൻ ഒരു വലിയ അഭ്യന്തര കലാപം തന്നെ വേണ്ടിവന്നു. ഗൺലോബിയുടെ മാറിൽ വെടിയുണ്ടയിറക്കാനും ഇതുതന്നെയാകും പോംവഴി.